# Desabhimani
# 28 August 2018
# Thiruvananthapuram ; Rat Fever

## എലിപ്പനി: ജാഗ്രത പുലർത്തണമെന്ന് ആരോഗ്യവകുപ്പ്

**തിരുവനന്തപുരം**

വെള്ളപ്പൊക്കത്തെത്തുടർന്ന് മലിനജലത്തിൽ ഇറങ്ങി ജോലികൾ ചെയ്യുന്നവർ എലിപ്പനിപോലുള്ള രോഗങ്ങൾ വരാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു. മലിനജലത്തിൽ ഇറങ്ങി ജോലി ചെയ്യുന്നവർ എലിപ്പനിക്ക് സാധ്യതയുള്ളവരാണ്. ഇവർ പ്രതിരോധമരുന്നായ 100 ഗ്രാമിന്റെ ഡോക്സിസൈക്ലിൻ ഗുളിക ആഴ്ചയിൽ രണ്ടെണ്ണം ഭക്ഷണത്തിനുശേഷം കഴിക്കണം. തൃശൂർ, പാലക്കാട്, എറണാകുളം, ആലപ്പുഴ ജില്ലകളിൽ പ്രതിരോധമരുന്ന് കഴിക്കാത്തവരിൽ എലിപ്പനി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രളയബാധിത പ്രദേശങ്ങളിൽ കെട്ടിനിന്ന വെള്ളവുമായി സമ്പർക്കത്തിലേർപ്പെട്ടവർക്ക് പനി, ശരീരവേദന തുടങ്ങിയ ലക്ഷണങ്ങളുണ്ടെങ്കിൽ തൊട്ടടുത്ത ആരോഗ്യ കേന്ദ്രവുമായി ബന്ധപ്പെടണമെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു.